## ഖുർആൻ ബോധനം 406 എ.വൈ.ആർ

### സൂറഃ-7

# അൽ അഅ്റാഫ്

۞ قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ لَنُخْرِجَنَّكَ يَـٰشُعَيْبُ
وَٱلَّذِينَ ءَامَنُوا۟ مَعَكَ مِن قَرْيَتِنَآ أَوْ لَتَعُودُنَّ فِى
مِلَّتِنَا ۚ قَالَ أَوَلَوْ كُنَّا كَـٰرِهِينَ ﴿٨٨﴾

قَدِ ٱفْتَرَيْنَا عَلَى ٱللَّهِ كَذِبًا إِنْ عُدْنَا فِى مِلَّتِكُم بَعْدَ إِذْ نَجَّىٰنَا ٱللَّهُ مِنْهَا ۚ
وَمَا يَكُونُ لَنَآ أَن نَّعُودَ فِيهَآ إِلَّآ أَن يَشَآءَ ٱللَّهُ رَبُّنَا ۚ وَسِعَ رَبُّنَا كُلَّ شَىْءٍ
عِلْمًا ۚ عَلَى ٱللَّهِ تَوَكَّلْنَا ۚ رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ
خَيْرُ ٱلْفَـٰتِحِينَ ﴿٨٩﴾

وَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ لَئِنِ ٱتَّبَعْتُمْ شُعَيْبًا إِنَّكُمْ إِذًا
لَّخَـٰسِرُونَ ﴿٩٠﴾

فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَـٰثِمِينَ ﴿٩١﴾

ٱلَّذِينَ كَذَّبُوا۟ شُعَيْبًا كَأَن لَّمْ يَغْنَوْا۟ فِيهَا ۚ ٱلَّذِينَ كَذَّبُوا۟ شُعَيْبًا كَانُوا۟
هُمُ ٱلْخَـٰسِرِينَ ﴿٩٢﴾

فَتَوَلَّىٰ عَنْهُمْ وَقَالَ يَـٰقَوْمِ لَقَدْ أَبْلَغْتُكُمْ رِسَـٰلَـٰتِ رَبِّى وَنَصَحْتُ
لَكُمْ ۖ فَكَيْفَ ءَاسَىٰ عَلَىٰ قَوْمٍ كَـٰفِرِينَ ﴿٩٣﴾

**88.** ശുഐബിന്റെ ജനത്തിലെ ഗർവിഷ്ഠരായ പ്രമാണിമാർ പറഞ്ഞു: ഹേ ശുഐബ്, നിന്നെയും നിന്റെ കൂടെ വിശ്വസിച്ചവരെയൊക്കെയും ഞങ്ങൾ നാട്ടിൽനിന്ന് ആട്ടിയോടിക്കും, തീർച്ച. അല്ലെങ്കിൽ നീ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചുവരികതന്നെ വേണം'. ശുഐബ് ചോദിച്ചു: ഞങ്ങൾ ആ മതത്തെ വെറുക്കുന്നവരാണെങ്കിലും തിരിച്ചുവരണമെന്നോ?!

**89.** നിങ്ങളുടെ മതത്തിൽനിന്ന് അല്ലാഹു ഞങ്ങളെ രക്ഷിച്ചുകഴിഞ്ഞിരിക്കെ ഇനിയും അതിലേക്ക് മടങ്ങിയാൽ ഞങ്ങൾ തീർച്ചയായും അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചിരിക്കുന്നു. അതിലേക്കൊരു മടക്കം ഇനി ഞങ്ങൾക്കുണ്ടാവില്ലതന്നെ- ഞങ്ങളുടെ നാഥനായ അല്ലാഹു ഇഛിക്കുന്നുവെങ്കിലല്ലാതെ. ഞങ്ങളുടെ നാഥന്റെ ജ്ഞാനം സകല സംഗതികളെയും ഉൾക്കൊണ്ടിരിക്കുന്നു. എല്ലാം അവനിൽ ഭരമേൽപിച്ചിരിക്കുകയാണ് ഞങ്ങൾ. നാഥാ, ഞങ്ങൾക്കും സമുദായത്തിനുമിടയിൽ ന്യായമായ തീരുമാനമെടുക്കേണമേ! കാര്യങ്ങൾ ഏറ്റം നന്നായി തീരുമാനിക്കുന്നവൻ നീയാണല്ലോ.

**90.** ആ സമുദായത്തിലെ ധർമനിഷേധികളായ പ്രമാണിമാർ പറഞ്ഞുകൊണ്ടിരുന്നു: ശുഐബിനെ പിൻപറ്റിയാൽ നിങ്ങൾ മഹാനഷ്ടത്തിലകപ്പെട്ടവർതന്നെ.

**91.** ധർമധിക്കാരത്തിൽ ആണ്ടുപോയ ആ ജനത്തെ ഒടുവിൽ ഒരു കിടിലം ബാധിക്കുകയും അവരൊക്കെയും സ്വഭവനങ്ങളിൽ ചേതനയറ്റു വീണുപോവുകയും ചെയ്തു.

**92.** ശുഐബിനെ തള്ളിപ്പറഞ്ഞവർ ആ ഭവനങ്ങളിൽ വാണിട്ടേയില്ലാത്തതുപോലെ തുടച്ചുനീക്കപ്പെട്ടു. നഷ്ടത്തിലകപ്പെട്ടത് ശുഐബിനെ തള്ളിപ്പറഞ്ഞവർ തന്നെയായിരുന്നു.

**93.** ശുഐബോ, ആ ജനത്തെ വിട്ടുപോയി. അദ്ദേഹം പരിതപിച്ചു: എന്റെ ജനമേ, വിധാതാവിന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നിരുന്നു. ഗുണകാംക്ഷയോടെ ഉപദേശിക്കുകയും ചെയ്തു. മനഃപൂർവം സത്യത്തെ തള്ളിക്കളഞ്ഞ ജനത്തെച്ചൊല്ലി ഞാൻ അനുശോചിക്കുന്നതെങ്ങനെ?!

قَالَ الْمَلَأُ = പ്രമാണിമാർ പറഞ്ഞു  الَّذِينَ اسْتَكْبَرُوا = ഗർവിഷ്ഠരായ, അഹങ്കാരികളായ

مِن قَوْمِهِ = അദ്ദേഹത്തി(ശുഐബി)ന്റെ ജനത്തിൽനിന്ന്

لَنُخْرِجَنَّكَ = തീർച്ചയായും ഞങ്ങൾ നിന്നെ പുറത്താക്കും, ആട്ടിയോടിക്കും  يَا شُعَيْبُ = ഹേ ശുഐബേ

وَالَّذِينَ آمَنُوا = വിശ്വസിച്ചവരെ(യൊക്കെ)യും  مَعَكَ = നിന്റെ കൂടെ  مِن قَرْيَتِنَا = ഞങ്ങളുടെ നാട്ടിൽനിന്ന്  أَوْ = അല്ലെങ്കിൽ

لَتَعُودُنَّ = തീർച്ചയായും നീ മടങ്ങും (തിരിച്ചുവരികതന്നെ വേണം)  فِي مِلَّتِنَا = ഞങ്ങളുടെ മതത്തിലേക്ക്

قَالَ = അദ്ദേഹം (ശുഐബ്) പറഞ്ഞു  أَوَلَوْ كُنَّا = ഞങ്ങൾ ആണെങ്കിലും (തിരിച്ചുവരേണമെന്നോ)  كَارِهِينَ = വെറുക്കുന്നവർ

قَدِ افْتَرَيْنَا = ഞങ്ങൾ കെട്ടിച്ചമച്ചിരിക്കുന്നു  عَلَى اللَّهِ = അല്ലാഹുവിന്റെ പേരിൽ  كَذِبًا = കള്ളം  إِنْ عُدْنَا = ഞങ്ങൾ മടങ്ങിയാൽ

فِي مِلَّتِكُم = നിങ്ങളുടെ മതത്തിലേക്ക്  بَعْدَ إِذْ نَجَّانَا اللَّهُ = അല്ലാഹു ഞങ്ങളെ രക്ഷിച്ചതിനു ശേഷം (രക്ഷിച്ചുകഴിഞ്ഞിരിക്കെ)

مِنْهَا = അതി(ആ മതത്തി)ൽനിന്ന്  وَمَا يَكُونُ لَنَا = ഞങ്ങൾക്കുണ്ടാവില്ല, ഉണ്ടാവുക സാധ്യമല്ല

أَن نَّعُودَ فِيهَا = അതിലേക്ക് ഞങ്ങൾ മടങ്ങൽ (അതിലേക്ക് ഒരു മടക്കം)  إِلَّا أَن يَشَاءَ اللَّهُ = അല്ലാഹു ഇഛിക്കുന്നുവെങ്കിലല്ലാതെ

رَبُّنَا = ഞങ്ങളുടെ നാഥനായ  وَسِعَ رَبُّنَا = ഞങ്ങളുടെ നാഥൻ(ന്റെ) വിശാലമായിരിക്കുന്നു (ഉൾക്കൊണ്ടിരിക്കുന്നു)

كُلَّ شَيْءٍ = സകല സംഗതികളുടെയും  عِلْمًا = ജ്ഞാനത്താൽ (ജ്ഞാനം)  عَلَى اللَّهِ = അല്ലാഹുവിൽ (അവനിൽ)

تَوَكَّلْنَا = ഞങ്ങൾ ഭരമേൽപിച്ചിരിക്കു(കയാണ്)ന്നു  رَبَّنَا = ഞങ്ങളുടെ നാഥാ  افْتَحْ = നീ തീരുമാനം കൽപിക്കേണമേ

بَيْنَنَا وَبَيْنَ قَوْمِنَا = ഞങ്ങൾക്കും ഞങ്ങളുടെ സമുദായത്തിനുമിടയിൽ  بِالْحَقِّ = സത്യം കൊണ്ട് (ന്യായമായ)

وَأَنتَ = നീ ആണല്ലോ  خَيْرُ الْفَاتِحِينَ = തീരുമാനമെടുക്കുന്നവരിൽ ഉത്തമൻ (ഏറ്റം നന്നായി തീരുമാനമെടുക്കുന്നവൻ)

وَقَالَ الْمَلَأُ الَّذِينَ كَفَرُوا مِن قَوْمِهِ = അദ്ദേഹത്തിന്റെ (ആ) സമുദായത്തിലെ ധർമനിഷേധികളായ പ്രമാണിമാർ പറഞ്ഞു

لَئِنِ اتَّبَعْتُمْ = നിങ്ങൾ പിൻപറ്റിയാൽ  شُعَيْبًا = ശുഐബിനെ  إِنَّكُمْ إِذًا = എങ്കിൽ തീർച്ചയായും നിങ്ങൾ

لَّخَاسِرُونَ = നഷ്ടപ്പെട്ടവർ (മഹാ നഷ്ടത്തിലകപ്പെട്ടവർ)തന്നെ  فَأَخَذَتْهُمُ = അവരെ ബാധിച്ചു  الرَّجْفَةُ = ഒരു കിടിലം

فَأَصْبَحُوا = അവർ ആയിത്തീർന്നു  فِي دَارِهِمْ = അവരുടെ ഭവനങ്ങളിൽ  جَاثِمِينَ = ചേതനയറ്റു വീണവർ(വീണുപോയി)

الَّذِينَ كَذَّبُوا شُعَيْبًا = ശുഐബിനെ തള്ളിപ്പറഞ്ഞവർ (തുടച്ചുനീക്കപ്പെട്ടു)

كَأَن لَّمْ يَغْنَوْا = അവർ വാണിട്ടേ(വസിച്ചിട്ടേ)യില്ലാത്തവണ്ണം  فِيهَا = ആ ഭവനങ്ങളിൽ

الَّذِينَ كَذَّبُوا شُعَيْبًا = ശുഐബിനെ തള്ളിപ്പറഞ്ഞവർ  كَانُوا هُمُ = അവർതന്നെ ആയിത്തീർന്നു

الْخَاسِرِينَ = നഷ്ട(ത്തിലക)പ്പെട്ട(ത്)വർ  فَتَوَلَّىٰ = അദ്ദേഹം പിന്തിരിഞ്ഞു (ശുഐബ് വിട്ടുപോയി)

عَنْهُمْ = അവരെ (ആ ജനത്തെ)  وَقَالَ = അദ്ദേഹം പറഞ്ഞു (പരിതപിച്ചു)  يَا قَوْمِ = എന്റെ ജനമേ

لَقَدْ أَبْلَغْتُكُمْ = ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നിരുന്നു  رِسَالَاتِ رَبِّي = എന്റെ നാഥന്റെ സന്ദേശം

وَنَصَحْتُ لَكُمْ = ഞാൻ നിങ്ങളോട് ഗുണകാംക്ഷ പുലർത്തി, ഗുണകാംക്ഷയോടെ ഉപദേശിക്കുകയും ചെയ്തു

فَكَيْفَ = എങ്ങനെയാണ്  آسَىٰ = ഞാൻ ദുഃഖിക്കുക, അനുശോചിക്കുക  عَلَىٰ قَوْمٍ = ഒരു ജനത്തെച്ചൊല്ലി

كَافِرِينَ = (മനഃപൂർവം) സത്യത്തെ നിഷേധിച്ചവരായ

**88,89:** മദ്‌യൻകാർ ശുഐബ് നബിക്കും കൂട്ടുകാർക്കും നൽകിയ അന്ത്യശാസനവും അതിന് അവർ നൽകിയ മറുപടിയുമാണ് ഈ സൂക്തങ്ങളിൽ വിവരിക്കുന്നത്. ഒന്നുകിൽ ഈ നാടുവിടുക, അല്ലെങ്കിൽ പൂർവാചാരങ്ങളിലേക്ക് മടങ്ങുക- ഇതായിരുന്നു അന്ത്യശാസനം. നാട്ടിൽനിന്ന് ആട്ടിയോടിക്കുമെന്ന ഭീഷണിയെ അവഗണിച്ചുകൊണ്ട് പൂർവമതത്തിലേക്ക് മടങ്ങാനുള്ള ശാസനക്കാണ് ശുഐബ്(അ) മറുപടി പറയുന്നത്. തങ്ങളെ പുറത്താക്കുക എന്നത് നാട്ടുകാർക്ക് കഴിയുന്ന കാര്യമാണ്. സത്യവിശ്വാസികളാകട്ടെ അത്തരം പീഡനങ്ങൾ നേരിടാൻ സന്നദ്ധരുമാണ്. പക്ഷേ, പൂർവമതത്തിലേക്ക് മടങ്ങുകയെന്നത് അങ്ങനെയല്ല. ഒരാളെക്കൊണ്ട് അയാൾ നിഷേധിക്കുന്ന വിശ്വാസങ്ങൾ ആത്മാർഥമായി അംഗീകരിപ്പിക്കുക ആരാലും സാധ്യമല്ല; അയാൾക്കുതന്നെയും അതസാധ്യമാകുന്നു എന്നതാണ് വാസ്തവം. മനസ്സുകൊണ്ട് താൻ നിരാകരിക്കുന്ന തത്ത്വങ്ങളിൽ വിശ്വസിക്കുന്നു എന്ന് ഒരാൾ നടിക്കുന്നുവെങ്കിൽ അയാൾ തന്നെയും മറ്റുള്ളവരെയും വഞ്ചിക്കുകയാണ്. നിങ്ങൾ അകപ്പെട്ട അസത്യഗർത്തത്തിൽനിന്ന് അല്ലാഹു ഞങ്ങളെ രക്ഷിച്ചിരിക്കുകയാണ്. ഇനിയും ഞങ്ങൾ ആ അസത്യത്തിലേക്കുതന്നെ മടങ്ങുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ പേരിൽ അറിഞ്ഞുകൊണ്ട് കള്ളം കെട്ടിച്ചമക്കലാകുന്നു. അതിനാൽ ഞങ്ങൾക്കിനി അങ്ങോട്ടൊരു മടക്കമില്ല- നിങ്ങൾ എന്തുതന്നെ ചെയ്താലും ശരി. وَمَا يَكُونُ لَنَا أَن نَّعُودَ എന്നാണ് മൂലവാക്യം. മടങ്ങുക ഞങ്ങൾക്കു സാധ്യമല്ല, പ്രകൃതിയിൽ പെട്ടതല്ല, ഭൂഷണമല്ല എന്നെല്ലാം ഇതിനർഥമുണ്ട്.

ഞങ്ങളെ പൂർവമതത്തിലേക്ക് മടക്കാമെന്ന വ്യാമോഹം അശേഷം വേണ്ട എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയാണ് പ്രവാചകൻ. إِلَّآ أَن يَشَآءَ ٱللَّهُ എന്ന വാക്യം രണ്ടുതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: ഒന്ന്, إن شاء الله (അല്ലാഹു ഇഛിച്ചാൽ) എന്നതിന്റെ മറ്റൊരു ഭാഷ്യമാണത്. ഇൻശാഅല്ലാഹ്, ഞങ്ങളിനിയൊരിക്കലും നിങ്ങളുടെ മതത്തിലേക്ക് വരില്ല എന്നാണാശയം. വിശ്വാസി ഭാവിയുമായി ബന്ധപ്പെടുത്തി ഏതു കാര്യം പറയുമ്പോഴും 'അല്ലാഹു ഇഛിച്ചാൽ' എന്ന ഉപാധിയോടെ വേണം പറയാൻ എന്ന് ഖുർആൻ 18:23,24 -ൽ പ്രസ്താവിച്ചിട്ടുണ്ട്. രണ്ട്, ഞങ്ങൾ പൂർവമതത്തിലേക്ക് മടങ്ങാൻ യാതൊരു സാധ്യതയുമില്ല. എന്നാൽ അല്ലാഹുവിന്റെ ഇഛ സൃഷ്ടികളുടെ ഇഷ്ടങ്ങളെയും നിശ്ചയങ്ങളെയും അതിജയിച്ചുനിൽക്കുന്നതാണല്ലോ. ഞങ്ങൾ നേരിടുന്ന പരീക്ഷണങ്ങളിലുള്ള വിജയവും അവന്റെ ഉതവിയെ ആശ്രയിച്ചിരിക്കുന്നു. ആരുടെയൊക്കെ പര്യവസാനം എങ്ങനെയൊക്കെയായിരിക്കുമെന്ന് ആത്യന്തികമായി അറിയുന്നതും വിധിക്കുന്നതും അവനാണ്. സകല സംഗതികളും സമഗ്രമായി അറിയുന്ന ആ അല്ലാഹുവിൽ സർവതും സമർപ്പിച്ചിരിക്കുകയാണ് ഞങ്ങൾ. അവനാണല്ലോ ഞങ്ങളെ ഈ മാർഗത്തിലേക്ക് നയിച്ചത്. അവൻ ഞങ്ങളെ ലക്ഷ്യത്തിലെത്തിക്കുകതന്നെ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. അവനോട് ഞങ്ങൾ പ്രാർഥിക്കുന്നു: رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ خَيْرُ ٱلْفَٰتِحِينَ (ഞങ്ങൾക്കും നാട്ടുകാർക്കുമിടയിൽ നീ വിധികൽപിക്കേണമേ. ഏറ്റം നന്നായി വിധികൽപിക്കുന്നവൻ നീയാണല്ലോ). ഏതാണ്ടിതേ വിധം ഇബ്റാഹീം നബിയും പ്രാർഥിച്ചിട്ടുള്ളതായി *അൽ അൻആം* 80-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ട്:

قَالَ أَتُحَٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ ۚ وَلَآ أَخَافُ مَا تُشْرِكُونَ بِهِۦٓ
إِلَّآ أَن يَشَآءَ رَبِّى شَيْـًٔا ۗ وَسِعَ رَبِّى كُلَّ شَىْءٍ عِلْمًا ۗ

(നിങ്ങൾ അല്ലാഹുവിനെക്കുറിച്ച് എന്നോട് തർക്കിക്കുന്നുവോ? അവൻ എനിക്ക് സന്മാർഗദർശനം നൽകിക്കഴിഞ്ഞിരിക്കെ. അവന്റെ പങ്കാളികളെന്ന് നിങ്ങൾ ജൽപിക്കുന്നതിനെയൊന്നും ഞാൻ ഭയപ്പെടുന്നുമില്ല. എന്റെ നാഥൻ വല്ലതും ഇഛിച്ചാലല്ലാതെ. എന്റെ നാഥന്റെ ജ്ഞാനം സകല സംഗതികളെയും ഉൾക്കൊണ്ടതാകുന്നു).

**90:** പ്രമാണിമാർ ഇത് പറഞ്ഞത് ആരോടാണെന്ന് ഇവിടെ വ്യക്തമാക്കിയിട്ടില്ല. ശുഐബ് നബിയിൽ വിശ്വസിച്ച നാട്ടുകാരോടാണെന്ന് ചിലർ കരുതുന്നു. അവരുടെ വീക്ഷണത്തിൽ, മേൽ സൂക്തങ്ങളിൽ ഉദ്ധരിച്ച, ശുഐബ് നബിയുടെ നിർണായകമായ പ്രഖ്യാപനത്തോടെ അദ്ദേഹത്തെ ഒരു നിലക്കും പിന്തിരിപ്പിക്കാനാവില്ലെന്ന് ബോധ്യപ്പെട്ട വരേണ്യവിഭാഗം താക്കീതിന്റെ മുഖം അദ്ദേഹത്തിന്റെ ശിഷ്യന്മാരിലേക്ക് തിരിച്ചുകൊണ്ട് പറയുകയാണ്: ഇയാൾ പറയുന്നതൊക്കെ വിശ്വസിച്ച് നടന്നാൽ നിങ്ങൾക്ക് വലിയ നഷ്ടമനുഭവിക്കേണ്ടിവരും. ആ നഷ്ടം എന്തായിരിക്കുമെന്ന് വ്യക്തമാക്കാത്തതിൽ എന്തുമാകാം എന്ന ധ്വനിയാണുള്ളത്. ഞങ്ങൾ പറയുന്നത് മനസ്സിലാക്കാനും അനുസരിക്കാനും തയാറില്ലെങ്കിൽ എന്തും നേരിടാൻ തയാറായിക്കൊള്ളുക എന്നു സാരം.

പ്രമാണിമാർ സ്വസമുദായത്തിനു നൽകിയ ഒരു ആഹ്വാനമാണിതെന്നാണ് മറ്റൊരു അഭിപ്രായം. അതനുസരിച്ച് സാരം ഇതാണ്: ശുഐബിന്റെ ഉപദേശങ്ങൾ നമ്മുടെ ദേശീയ താൽപര്യങ്ങൾക്കെതിരാണ്. ലോകത്തെ സുപ്രധാനമായ രണ്ട് വ്യാപാര പാതകളുടെ കവലയിൽ വസിക്കുന്ന വർത്തക സമൂഹമായ നാം അളവുതൂക്കങ്ങളിൽ യാതൊരു മാറ്റവും വരുത്തിക്കൂടെന്നും നമ്മുടെ തന്ത്രങ്ങളുപയോഗിച്ച് വ്യാപാര സംഘങ്ങളുടെ മുതലുകൾ കൈവശപ്പെടുത്തിക്കൂടെന്നും പറയുന്നതിനർഥം നമുക്ക് സാമ്പത്തികവികസനം വേണ്ടെന്നാണ്. നാമൊരു വിഭാഗം മാത്രം സത്യസന്ധരായതുകൊണ്ട് നമുക്ക് നഷ്ടമെന്നല്ലാതെ മറ്റെന്തു കാര്യം?! സമൂഹത്തിന്റെ ക്ഷേമവും രാജ്യത്തിന്റെ രക്ഷയുമോർത്ത് ആരും ശുഐബിനെ പിന്തുടർന്നുകൂടാ. അയാളെ രാജ്യദ്രോഹിയായി കണക്കാക്കി ആട്ടിപ്പായിക്കുകയാണ് വേണ്ടത്.

ദൈവികധർമങ്ങൾ പ്രബോധനം ചെയ്യുന്നവർ എപ്പോഴും നേരിടാറുള്ള പ്രതിസന്ധിയാണിത്. ലോകസമ്പദ്ഘടന മുഴുവൻ പലിശയിലധിഷ്ഠിതമായിരിക്കെ അതിൽനിന്ന് വിട്ടുനിന്നാൽ നാം സാമ്പത്തികമായി അധഃപതിക്കുമെന്നല്ലാതെ എന്തു കാര്യം? ചൂഷണവും തട്ടിപ്പുമൊക്കെ സാർവത്രികമായ ഒരു ലോകത്ത് നാമൊരു കൂട്ടർ അതിൽനിന്നൊക്കെ വിട്ടുനിൽക്കുന്നത് ബുദ്ധിയാണോ? ഏതു തന്ത്രമുപയോഗിച്ചും വിഭവങ്ങൾ അഥവാ പണം സമാർജിക്കുകയല്ലേ ബുദ്ധി? ഈ ചിന്തയുടെ ഏറ്റവും വികസിതവും വ്യാപകവുമായ രൂപമാണ് ഇന്ന് ആഗോള വൻശക്തികൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ശക്തി കുറഞ്ഞ രാജ്യങ്ങളിലെ വിഭവങ്ങൾ തങ്ങൾ നിശ്ചയിക്കുന്ന വിലയ്ക്ക് തങ്ങൾ നിശ്ചയിക്കുന്ന ഉപാധികളോടെ പിടിച്ചെടുക്കുക. അതിനു വിസമ്മതിക്കുന്നവരെ യുദ്ധത്തിലൂടെ കീഴടക്കുക. വൻശക്തികളെ സംബന്ധിച്ചേടത്തോളം അത് സ്വന്തം ക്ഷേമത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അനിവാര്യ താൽപര്യമാകുന്നു. ധാർമികതയുടെ പേരിൽ ആ താൽപര്യങ്ങളെ അവഗണിക്കുന്നത് ദേശത്തിനും ജനതക്കും വരുത്തിവെക്കുന്ന വൻ നഷ്ടമാണ്.

**91:** 78-ാം സൂക്തത്തിന്റെ ആവർത്തനമാണീ സൂക്തം. സൂറഃ *ഹൂദ്* 94-ാം സൂക്തത്തിൽ ഇവിടെ പറഞ്ഞ ശിക്ഷയെ ٱلرَّجْفَةُ -ക്കുറിച്ച് ٱلَّذِينَ ظَلَمُوا۟ ٱلصَّيْحَةُ فَأَصْبَحُوا۟ فِى دِيَٰرِهِمْ جَٰثِمِينَ (അധർമം പ്രവർത്തിച്ചവരെ ഘോരഗർജനം ബാധിച്ചു. അപ്പോൾ അവർ സ്വവസതികളിൽ ചേതനയറ്റു വീണുപോയി) എന്നും സൂറഃ *അശ്ശുഅറാഅ്* 189-ാം സൂക്തത്തിൽ فَأَخَذَهُمْ عَذَابُ يَوْمِ ٱلظُّلَّةِ ۚ إِنَّهُۥ كَانَ عَذَابَ يَوْمٍ عَظِيمٍ (അതിനാൽ മേഘക്കുടയുടെ നാളിൽ അവരെ ശിക്ഷ ബാധിച്ചു. അതൊരു ഭയങ്കര ശിക്ഷാദിനം തന്നെയായിരുന്നു) എന്നും പ്രസ്താവിച്ചിരിക്കുന്നു. സൂറഃ *ഹൂദ്* 89-ാം സൂക്തത്തിൽ ശുഐബ് നബിയെ ഇങ്ങനെ ഉദ്ധരിച്ചതായും കാണാം:

وَيَٰقَوْمِ لَا يَجْرِمَنَّكُمْ شِقَاقِىٓ أَن يُصِيبَكُم مِّثْلُ مَآ أَصَابَ قَوْمَ نُوحٍ أَوْ
قَوْمَ هُودٍ أَوْ قَوْمَ صَٰلِحٍ ۚ وَمَا قَوْمُ لُوطٍ مِّنكُم بِبَعِيدٍ

(എന്റെ ജനമേ, എന്നോടുള്ള വിരോധം നിങ്ങൾക്ക് നൂഹ് ജനതക്കോ ലൂത്വ് ജനതക്കോ സ്വാലിഹിന്റെ ജനതക്കോ വന്നുഭവിച്ച ആപത്ത് വന്നണയാൻ നിമിത്തമാകാതിരിക്കട്ടെ. ലൂത്വിന്റെ ജനത നിങ്ങളിൽനിന്ന് ഏറെ വിദൂരമല്ലല്ലോ). ഈ സൂക്തത്തിന്റെ അവസാന ഖണ്ഡത്തെ ആധാരമാക്കി ചില പണ്ഡിതന്മാർ ലൂത്വ് ജനതക്ക് സംഭവിച്ച അതേ ശിക്ഷ തന്നെയായിരിക്കാം മദ്‌യൻകാരെയും ഉന്മൂലനം ചെയ്തതെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഭയങ്കര ശബ്ദവും മിന്നൽപിണറുമുള്ള ഇടിയെയാവാം ٱلصَّيْحَةُ സൂചിപ്പിക്കുന്നത്. കല്ലും മണ്ണും പറത്തിക്കൊണ്ടുവരുന്ന കാറ്റാവാം ظلّة-മേഘക്കുട.

**92:** ഇതായിരുന്നു ദൈവികശിക്ഷയുടെ അനന്തരഫലം. സൂക്തത്തിന്റെ രണ്ടു ഖണ്ഡം മദ്‌യൻകാർ ശുഐബ് നബിക്കും വിശ്വാസികൾക്കും നേരെ ഉന്നയിച്ച രണ്ട് ഭീഷണിയെ സൂചിപ്പിക്കുന്നു. ശുഐബി(അ)നെയും സംഘത്തെയും നാടുകടത്തും എന്നായിരുന്നുവല്ലോ ഒന്നാമത്തെ ഭീഷണി. ഇപ്പോഴിതാ അവർ

തന്നെ അവിടെനിന്ന് ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു; മുമ്പെങ്ങും അവരവിടെ താമസിച്ചിട്ടേയില്ലാത്തതുപോലെ. അവരുടെ ചൂരും പേരും സമ്പാദ്യങ്ങളുമെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. كَأَن لَّمْ يَغْنَوْا۟ എന്നാണ് മൂലവാക്യം. സൗഖ്യത്തോടെ, സമൃദ്ധിയോടെ വാണു എന്നർഥമുള്ള غنى-യുടെ വർത്തമാന ബഹുവചനക്രിയയാണ് يَغْنَوْا۟. ശുഐബി(അ)നെ പിൻപറ്റിയാൽ മഹാനഷ്ടങ്ങൾക്കിരയാകുമെന്നായിരുന്നുവല്ലോ രണ്ടാമത്തെ ഭീഷണി. ഇപ്പോഴിതാ ശുഐബിനെ തള്ളിപ്പറഞ്ഞവർതന്നെ ഏറ്റവും ഭീകരമായ നഷ്ടത്തിനിരയായിരിക്കുന്നു.

**93:** 79-ാം സൂക്തത്തിൽ വന്ന വചനം ചെറിയ വ്യത്യാസത്തോടെ ആവർത്തിച്ചിരിക്കുകയാണിവിടെ. വിശദീകരണം അവിടെ നോക്കുക. فَكَيْفَ ءَاسَىٰ عَلَىٰ قَوْمٍ كَٰفِرِينَ എന്ന വാക്യം സ്വജനത്തിനേർപ്പെട്ട ദുർന്തത്തിലുള്ള പ്രവാചകന്റെ വേദനയെയല്ല, അവരോടുള്ള അനുകമ്പയെയാണ് നിഷേധിക്കുന്നത്. ഈ ആപത്തിനെക്കുറിച്ച് ഞാൻ നിങ്ങൾക്ക് വേണ്ടത്ര മുന്നറിയിപ്പ് തന്നു. അത് തടയാനുള്ള മാർഗങ്ങൾ നിർദേശിച്ചു. എല്ലാം നിങ്ങൾ ധിക്കാരപൂർവം തള്ളിക്കളയുകയായിരുന്നു. അങ്ങനെ അറിഞ്ഞുകൊണ്ട് നാശത്തിൽ ചെന്നു ചാടിയവർ ഒരനുശോചനം പോലും അർഹിക്കാത്തവരായിപ്പോയല്ലോ എന്നാണ് പ്രവാചകൻ പരിതപിക്കുന്നത്. ■